**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3820** | **06-08-2021 - ൽ മറുപടിയ്ക്ക്**

**കണ്ടൽക്കാടുകളുടെ വ്യാപ്തി വർദ്ധന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കണ്ടൽക്കാടുകൾ എവിടെയെല്ലാമാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | കണ്ടൽക്കാടുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |
| (ബി) | കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ; ഇവയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ? | (ബി) | കണ്ടൽ കാടുകളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള കേന്ദ്ര സഹായത്തോടെ Conservation and Management of Mangroves (60% CSS)എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയ്ക്ക് പുറമെ സർക്കാർ അധീനതയിലുള്ള 1541 ഏക്കർ കണ്ടൽ പ്രദേശങ്ങൾ റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്ത് സംരക്ഷിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റീ-ബിൽഡ് കേരള സ്കീമിൽ ഉൾപ്പെടുത്തി സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കണ്ടൽ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന പദ്ധതി പുരോഗമിയ്ക്കുകയാണ്. സ്വകാര്യവ്യക്തികളുടെ കൈവശം ഉള്ള കണ്ടൽകാടുകൾ സംരക്ഷിക്കുന്നതിന് ഏക്കറിന് 4000/- രൂപാ നിരക്കിൽ സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| | |
|---|---|
| തിരുവനന്തപുരം | ഇടവ, ആറ്റിപ്ര, കഠിനംകുളം |
| കൊല്ലം | അഷ്ടമുടി കായലിന്റെ തീരങ്ങൾ, ആയിരംതെങ്ങ്, മൺട്രോതുരുത്ത്, നീണ്ടകര, പറവൂർ. |
| ആലപ്പുഴ | വേമ്പനാട്, പുതുപ്പള്ളി, ആറാട്ടുപുഴ, തുറവൂർതെക്ക്, കുത്തിയതോട്, അരൂർ, തണ്ണീർമുക്കം തെക്ക്, കോടംതുരുത്ത്, പട്ടണക്കാട് |
| എറണാകുളം | പുതുവൈപ്പ്. |
| തൃശ്ശൂർ | വെൺമനാട് |
| മലപ്പുറം | തിരൂർ, തിരൂരങ്ങാടി |
| കോഴിക്കോട് | കടലുണ്ടി, കല്ലായ്, എലത്തൂർ, കൊയിലാണ്ടി, കൊളാവിപാലം. |
| കണ്ണൂർ | പയ്യന്നൂർ,തളിപ്പറമ്പ്, തലശ്ശേരി, കണ്ണൂർ |
| കാസർഗോഡ് | കാസർഗോഡ്, മഞ്ചേശ്വരം |